പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 195

# 2013-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 195

# 2013-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

648/2013.

# 2013-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

1974-ലെ കേരള സർവ്വകലാശാല ആക്റ്റും 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റും 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1974-ലെ കേരള സർവ്വകലാശാല ആക്റ്റും 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റും 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തി നാലാം സംവത്സരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന്, 2013-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1974-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.—1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17), 70-ാം വകുപ്പിനുശേഷം ഇനിപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"70എ. നിർദ്ദേശം നൽകുന്നതിനുള്ള സർക്കാരിന്റെ അധികാരം.—ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ റഗുലേഷനുകളിലോ ചട്ടങ്ങളിലോ അല്ലെങ്കിൽ പുറപ്പെടുവിച്ച ഉത്തരവുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർവ്വകലാശാലയിലെയും സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ധനസഹായം ലഭിക്കാത്ത കോളേജുകൾ ഒഴികെയുള്ള സ്വകാര്യ കോളേജുകളിലെയും അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളുടെ എണ്ണം, അങ്ങനെയുള്ള തസ്തികകളുടെ നികത്തൽ, അങ്ങനെയുള്ള അദ്ധ്യാപക തസ്തികകളുടെ ജോലിഭാരം നിശ്ചയിക്കൽ എന്നിവ സംബന്ധിച്ച എല്ലാ സംഗതികളിലും സർവ്വകലാശാലയ്ക്ക് നിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് സർവ്വകലാശാല ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്."

3. 1975-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി.—1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5), 69-ാം വകുപ്പിനുശേഷം, ഇനിപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"69എ. നിർദ്ദേശം നൽകുന്നതിനുള്ള സർക്കാരിന്റെ അധികാരം.—ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ റഗുലേഷനുകളിലോ ചട്ടങ്ങളിലോ അല്ലെങ്കിൽ പുറപ്പെടുവിച്ച ഉത്തരവുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർവ്വകലാശാലയിലെയും സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ധനസഹായം ലഭിക്കാത്ത കോളേജുകൾ ഒഴികെയുള്ള സ്വകാര്യ കോളേജുകളിലെയും അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളുടെ എണ്ണം, അങ്ങനെയുള്ള തസ്തികകളുടെ നികത്തൽ, അങ്ങനെയുള്ള അദ്ധ്യാപക തസ്തികകളുടെ ജോലിഭാരം നിശ്ചയിക്കൽ എന്നിവ സംബന്ധിച്ച എല്ലാ സംഗതികളിലും സർവ്വകലാശാലയ്ക്ക് നിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് സർവ്വകലാശാല ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്."

4. 1985-ലെ 12-ാം ആക്റ്റിനുള്ള ഭേദഗതി.—1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12), 74-ാം വകുപ്പിനുശേഷം, ഇനിപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"74എ. നിർദ്ദേശം നൽകുന്നതിനുള്ള സർക്കാരിന്റെ അധികാരം.—ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ റഗുലേഷനുകളിലോ ചട്ടങ്ങളിലോ അല്ലെങ്കിൽ പുറപ്പെടുവിച്ച ഉത്തരവുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർവ്വകലാശാലയിലെയും സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ധനസഹായം ലഭിക്കാത്ത കോളേജുകൾ ഒഴികെയുള്ള സ്വകാര്യ കോളേജുകളിലെയും അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളുടെ എണ്ണം, അങ്ങനെയുള്ള തസ്തികകളുടെ നികത്തൽ, അങ്ങനെയുള്ള അദ്ധ്യാപക തസ്തികകളുടെ ജോലിഭാരം നിശ്ചയിക്കൽ എന്നിവ സംബന്ധിച്ച എല്ലാ സംഗതികളിലും സർവ്വകലാശാലയ്ക്ക് നിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് സർവ്വകലാശാല ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്."

5. 1996-ലെ 22-ാം ആക്റ്റിനുള്ള ഭേദഗതി.—1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22), 76-ാം വകുപ്പിനുശേഷം, ഇനിപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"76എ. നിർദ്ദേശം നൽകുന്നതിനുള്ള സർക്കാരിന്റെ അധികാരം.—ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ റഗുലേഷനുകളിലോ ചട്ടങ്ങളിലോ അല്ലെങ്കിൽ പുറപ്പെടുവിച്ച ഉത്തരവുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർവ്വകലാശാലയിലെയും സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ധനസഹായം ലഭിക്കാത്ത കോളേജുകൾ ഒഴികെയുള്ള സ്വകാര്യ കോളേജുകളിലെയും അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളുടെ എണ്ണം, അങ്ങനെയുള്ള തസ്തികകളുടെ നികത്തൽ, അങ്ങനെയുള്ള അദ്ധ്യാപക തസ്തിക

കളുടെ ജോലിഭാരം നിശ്ചയിക്കൽ എന്നിവ സംബന്ധിച്ച എല്ലാ സംഗതികളിലും സർവ്വകലാശാലയ്ക്ക് നിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് സർവ്വകലാശാല ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.''

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സർക്കാരിൽ നിന്നും ശമ്പളം വാങ്ങാൻ അർഹതയുള്ള തസ്തികകളിലേക്കുള്ള നിയമനങ്ങൾ, സർക്കാരോ അഥവാ സർക്കാർ അധികാരപ്പെടുത്തുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥനോ അനുവദിച്ചിട്ടുള്ള തസ്തികകളിലേക്ക് മാത്രം നടത്തേണ്ടതാണെന്ന് 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ (1974-ലെ 17), 57-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിലെ (1985-ലെ 12), 59-ാം വകുപ്പിലും സമാനമായ വ്യവസ്ഥയുണ്ട്. എന്നാൽ, ജോലിഭാരം നിശ്ചയിക്കൽ, സർവ്വകലാശാലയിലെ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളുടെ എണ്ണം എന്നിവ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും നിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാരിനെ പ്രാപ്തമാക്കുന്ന അങ്ങനെയുള്ള വ്യവസ്ഥ സംസ്ഥാനത്തെ വിവിധ സർവ്വകലാശാല ആക്റ്റുകളിൽ ഇല്ലാത്തതും തന്മൂലം ധനസഹായം ലഭിക്കുന്ന കോളേജുകളിൽ തസ്തിക അനുവദിക്കുന്നതിനുള്ള സർവ്വകലാശാലയുടെ തീരുമാനത്തെ തുടർന്ന് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത നേരിടേണ്ടതായി വരുന്നതുമാണ്. ആയതിനാൽ ജോലിഭാരം നിശ്ചയിക്കൽ, സർവ്വകലാശാലയിലും അതുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ധനസഹായം ലഭിക്കുന്ന കോളേജുകളിലും അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളുടെ എണ്ണം എന്നിവ സംബന്ധിച്ച് എല്ലാ കാര്യങ്ങളിലും സർക്കാരിന് നിയന്ത്രണം ഉണ്ടാകുന്ന തരത്തിൽ വിവിധ സർവ്വകലാശാല ആക്റ്റുകൾ ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

2. മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

പി. കെ. അബ്ദു റബ്ബ്.

(ശരിത്തർജ്ജമ)

# 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1974-ലെ 17)

** ** ** ** **

70. സർവ്വകലാശാല പരിശോധിപ്പിക്കാനുള്ള സർക്കാരിന്റെ അധികാരം.—(1) സർക്കാരിന്, അത് നിർദ്ദേശിക്കുന്ന ആളിനെയോ ആളുകളെയോ കൊണ്ട് സർവ്വകലാശാലയും അതിന്റെ കെട്ടിടങ്ങളും, ലബോറട്ടറികളും, ലൈബ്രറികളും, മ്യൂസിയങ്ങളും, വർക്ക്ഷോപ്പുകളും, ഉപകരണങ്ങളും, സർവ്വകലാശാല പരിപാലിച്ചതോ, അംഗീകരിച്ചതോ അനുവദിച്ചതോ ആയ ഏതെങ്കിലും സ്ഥാപനങ്ങളും, സർവ്വകലാശാല നടത്തിയ പണികളും, പരിശോധിപ്പിക്കുവാനും സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഏതെങ്കിലും സംഗതിയെപ്പറ്റി അന്വേഷണം നടത്തിക്കുവാനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

** ** ** ** **

5

## 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1975-ലെ 5)

** ** ** ** **

69. സർവ്വകലാശാല പരിശോധിപ്പിക്കാനുള്ള സർക്കാരിന്റെ അധികാരം.—(1) സർക്കാരിന്, അത് നിർദ്ദേശിക്കുന്ന ആളിനെയോ ആളുകളെയോ കൊണ്ട് സർവ്വകലാശാലയും അതിന്റെ കെട്ടിടങ്ങളും, ലബോറട്ടറികളും, ലൈബ്രറികളും, മ്യൂസിയങ്ങളും, വർക്ക്ഷോപ്പുകളും, ഉപകരണങ്ങളും, സർവ്വകലാശാല പരിപാലിച്ചതോ, അംഗീകരിച്ചതോ അനുവദിച്ചതോ ആയ ഏതെങ്കിലും സ്ഥാപനങ്ങളും സർവ്വകലാശാല നടത്തിയ പണികളും, പരിശോധിപ്പിക്കുവാനും സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഏതെങ്കിലും സംഗതിയെപ്പറ്റി അന്വേഷണം നടത്തിക്കുവാനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

** ** ** ** **

6

## 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1985-ലെ 12)

** ** ** ** **

74. പരിശോധന.—(1) സർവ്വകലാശാലയ്ക്ക്, ആവശ്യമെന്നു കരുതുന്ന നിശ്ചിത സമയങ്ങളിലും, അഞ്ചുവർഷത്തിൽ ഒരിക്കലും, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ആളെക്കൊണ്ടോ അല്ലെങ്കിൽ അപ്രകാരമുള്ള സംവിധാനം മുഖേനയോ സർവ്വകലാശാലയും അതിന്റെ കെട്ടിടങ്ങളും, ലബോറട്ടറികളും, ലൈബ്രറികളും, മ്യൂസിയങ്ങളും, വർക്ക്ഷോപ്പുകളും, ഉപകരണങ്ങളും, സർവ്വകലാശാല സംരക്ഷിക്കുന്നതോ, അംഗീകരിച്ചതോ, അനുവദിച്ചതോ അല്ലെങ്കിൽ അതുമായി സംയോജിപ്പിച്ചതോ ആയ മറ്റ് സ്ഥാപനങ്ങളും, സർവ്വകലാശാല നടത്തിയ ജോലികളും പരിശോധിപ്പിക്കുകയും സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് ഒരു അന്വേഷണം നടത്തിക്കുകയും ചെയ്യേണ്ടതാണ്.

** ** ** ** **

# 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1996-ലെ 22)

** ** ** ** **

76. പരിശോധന.—(1) സർവ്വകലാശാലയ്ക്ക്, ആവശ്യമെന്നു കരുതുന്ന നിശ്ചിത സമയങ്ങളിലും, അഞ്ചുവർഷത്തിൽ ഒരിക്കലും, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ആളെക്കൊണ്ടോ അല്ലെങ്കിൽ അപ്രകാരമുള്ള സംവിധാനം മുഖേനയോ,—

(എ) സർവ്വകലാശാലയും, അതിന്റെ കെട്ടിടങ്ങളും, ലബോറട്ടറികളും, ലൈബ്രറികളും, മ്യൂസിയങ്ങളും, വർക്ക്ഷോപ്പുകളും, ഉപകരണങ്ങളും, സർവ്വകലാശാല സംരക്ഷിക്കുന്നതോ, അംഗീകരിച്ചതോ, അനുവദിച്ചതോ അല്ലെങ്കിൽ സംയോജിപ്പിച്ചതോ ആയ മറ്റ് സ്ഥാപനങ്ങളും;

(ബി) സർവ്വകലാശാല നടത്തിയ ജോലികളും;

(സി) സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യത്തെയും സംബന്ധിച്ച് ഒരു പരിശോധന നടത്തിക്കുകയും ചെയ്യേണ്ടതാണ്.

** ** ** ** **